**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 447** **17-09-2025 - ൽ മറുപടിയ്ക്ക്**

**ചെലവ് വളർത്തിയുള്ള വികസന മാതൃക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ നിയമങ്ങളിലൂടെ സംസ്ഥാനത്ത് 1957-ൽ ആരംഭിച്ച സാമൂഹ്യനീതിയിലേക്കുള്ള പ്രയാണം, ധനപരമായ കാര്യങ്ങളിലും ശക്തമായി പിന്തുടരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | വിവിധ നിയമങ്ങളിലൂടെ സാമൂഹ്യ നീതിക്ക് ഊന്നൽ നൽകിക്കൊണ്ട് ഇതിനകം സർക്കാർ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ധനപരമായ കാര്യങ്ങളിലും ശക്തമായി ഇപ്പോഴും പിന്തുടർന്നു വരുന്നുണ്ട്. വയോധികർ, കർഷക തൊഴിലാളികൾ, വികലാംഗർ, വിധവകൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ തുടങ്ങിയവർക്കുള്ള സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും, സ്കോളർഷിപ്പുകളും, ലൈഫ് മിഷൻ പോലുള്ള ഭവന പദ്ധതികൾ, സ്ത്രീ ശാക്തീകരണം ഉൾക്കൊണ്ടുള്ള കുടുംബശ്രീ പോലുള്ള പദ്ധതികൾ, ജെന്റർ & ചൈൽഡ് ബഡ്ജറ്റുകൾ മുതലായവ ധനപരമായ കാര്യങ്ങളിൽ സംസ്ഥാനം സാമൂഹ്യ നീതിക്ക് ഊന്നൽ നൽകുന്നതിൻറെ പ്രാധാന്യം വിളിച്ചോതുന്നവയാണ്.<br><br>65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന വയോമിത്രം പദ്ധതി, ഭിന്നശേഷിക്കാരായ രക്ഷിതാക്കളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന വിദ്യാകിരണം പദ്ധതി, ഭിന്നശേഷിക്കാർക്ക് യൂണിഫോമിനും പഠനോപകരണങ്ങൾക്കും ധനസഹായം നൽകുന്ന വിദ്യാജ്യോതി പദ്ധതി, ശാരീരിക/മാനസിക വൈകല്യമുള്ള മാതാപിതാക്കൾക്ക് (സിംഗിൾ മദേർസ്) സ്വയം തൊഴിൽ നൽകുന്ന സ്വാശ്രയ പദ്ധതി, കാഴ്ച പരിമിതി/ഭിന്നശേഷിയുള്ള അമ്മമാർക്ക് സാമ്പത്തിക സഹായം നൽകുന്ന മാതൃജ്യോതി പദ്ധതി, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന |

| | | | |
|---|---|---|---|
| | | | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ബിരുദ, പ്രൊഫഷണൽ, ബിരുദാനന്തര ബിരുദ പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടുമ്പോൾ ക്യാഷ് അവാർഡ് നൽകുന്ന വിജയാമൃതം പദ്ധതി, അഗതികുടുംബാംഗങ്ങളെ തൊഴിൽ പരിശീലനത്തിലൂടെയും സ്വയംതൊഴിൽ പദ്ധതികളിലൂടെയും സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്ന അഗതി രഹിത കേരളം പദ്ധതി, വൃക്ക മാറ്റിവച്ചവർ, ഹീമോഫീലിയ രോഗികൾ, ഡയാലിസിസ് ചെയ്യുന്നവർ തുടങ്ങിയവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന സമാശ്വാസം പദ്ധതി, ഭിന്നശേഷിയുള്ള സ്ത്രീകൾക്കും, ഭിന്നശേഷിക്കാരുടെ പെൺമക്കൾക്കും വിവാഹ ധനസഹായം നൽകുന്ന പരിണയം പദ്ധതി, ട്രാൻസ്ജെന്ററുകളുടെ ക്ഷേമത്തിനായുള്ള മഴവിൽ പദ്ധതി മുതലായവ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളിൽ ചിലത് മാത്രമാണ്. ഈ സർക്കാരിന്റേയും മുൻ സർക്കാരിന്റേയും 2025 ആഗസ്റ്റ് മാസം വരെയുള്ള 10 വർഷ കാലയളവിനുള്ളിൽ തന്നെ സാമൂഹ്യ സുരക്ഷാ പെൻഷനു വേണ്ടി മാത്രം 67449.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഏകദേശം 60 ലക്ഷത്തിലധികം ആളുകൾക്ക് സാമൂഹ്യ പെൻഷൻ ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ജനങ്ങളുടെ വാങ്ങൽശേഷി ഉയർത്തുകയാണ് സാമ്പത്തിക വികസനത്തിനുള്ള ഉറപ്പായ മാർഗമെന്നത് പരിശോധിച്ചിട്ടുണ്ടോ; ജനങ്ങളുടെ വാങ്ങൽശേഷി ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജനങ്ങളുടെ വാങ്ങൽ ശേഷി ഉയർത്തികൊണ്ട് സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. സർക്കാർ ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചത്, വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ, കൺസ്യൂമർ ഫെഡ് എന്നിവ വഴി സബ്സിഡിയോടെ നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്നത്, നെല്ല്, നാളികേരം മുതലായവയുടെ സംഭരണം, റബ്ബർ ഉൾപ്പെടെയുള്ള നാണ്യ വിളകൾക്ക് താങ്ങുവില നൽകുന്നത്, വിവിധ പദ്ധതികളിലൂടെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രോത്സാഹനം നൽകുന്നത് എന്നിവയെല്ലാം തന്നെ ജനങ്ങളുടെ ജീവിതചെലവ് കുറയ്ക്കുന്നതിനും വാങ്ങൽശേഷി വർദ്ധിപ്പിക്കുന്നതിനും സഹായകമായിട്ടുണ്ട്. |
| (സി) | ചെലവ് ചുരുക്കിയുള്ള വികസന മുരടിപ്പിനുപകരം ചെലവ് വളർത്തിയുള്ള വികസന മാതൃക സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; കേരളത്തിന്റെ സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്താനും യുവാക്കൾക്ക് ഇവിടെത്തന്നെ തൊഴിലവസരം | (സി) | സംസ്ഥാനത്തിന്റെ തനതു നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സംസ്ഥാനത്തിന്റെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുമുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | സൃഷ്ടിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | സ്വീകരിച്ചുവരുന്നത്. ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന്റെ മൂലധന ചെലവിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2011-12 മുതൽ 2015-16 വരെയുള്ള സംസ്ഥാനത്തിന്റെ മൂലധന ചെലവ് 40976 കോടി രൂപയായിരുന്നുവെങ്കിൽ 2020-21 മുതൽ 2024-25 വരെ 84044 കോടി രൂപയായി വർദ്ധിക്കുകയാണുണ്ടായത്. ഇത് ഇരട്ടിയിലധികം വർദ്ധനവാണ് കാണിക്കുന്നത്. സ്റ്റാർട്ടപ്പുകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകികൊണ്ട് യുവാക്കൾക്ക് ഇവിടെത്തന്നെ തൊഴിലവസരം സൃഷ്ടിക്കാനാണ് സർക്കാർ മുൻഗണന നൽകുന്നത്. |
| (ഡി) | കേന്ദ്രത്തിന്റെ സാമ്പത്തിക വിവേചനത്തിനെതിരെ കേരളം തുടങ്ങിവച്ച പ്രവർത്തനങ്ങൾ ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 2016-17-ലെ നോട്ട് നിരോധനം, 2017-18-ലെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതിലെ അപാകതകൾ, 2018-19-ലെ ഓഖി ചുഴലിക്കാറ്റും മഹാപ്രളയവും, 2019-20-ലെ പ്രകൃതി ക്ഷോഭങ്ങളുടെയും വെള്ളപ്പൊക്കത്തിന്റെയും തുടർച്ച, 2020-21-ലെ കോവിഡ് മഹാമാരി, 2024-ലെ വയനാട് ദുരന്തം, ഫെഡറൽ തത്വങ്ങളെ മാനിക്കാതെയുള്ള കേന്ദ്ര സർക്കാർ നയങ്ങൾ, ചരക്ക് സേവന നികുതി നടപ്പിലാക്കിയതിലെ അപാകതകൾ, പൊതു കണക്കിനത്തിലെ മിച്ചവും സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളും സംസ്ഥാനത്തിന്റെ ബാധ്യതയായി കണക്കാക്കി സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്നത്, ഓരോ ധനകാര്യ കമ്മീഷന്റെ കാലയളവുകളിലും സംസ്ഥാനത്തിനു ലഭ്യമാകേണ്ട നികുതി വിഹിത ശതമാനത്തിൽ കുറവ് വരുത്തിയത്, ദേശീയപാത വികസനത്തിനുള്ള ഭൂമിയേറ്റെടുക്കലിന്റെ 25% ചെലവ് സംസ്ഥാനം വഹിക്കുന്നത്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, പ്രകൃതി ക്ഷോഭങ്ങളിൽ കേന്ദ്രം സംസ്ഥാനത്തിന് വേണ്ട രീതിയിൽ സഹായം ലഭ്യമാക്കാതിരുന്നത് എന്നിവയെല്ലാം തന്നെ ഒന്നിനോടും താരതമ്യം ചെയ്യാൻ കഴിയാത്ത തരത്തിൽ സംസ്ഥാനം നേരിട്ട പ്രതിസന്ധികളായിരുന്നു. ഈ ഘട്ടത്തിലും സംസ്ഥാനത്തിന്റെ തനതു നികുതി നികുതിയേതര വരുമാനത്തിൽ വളർച്ച കൈവരിച്ചുകൊണ്ട് സാമൂഹ്യ ക്ഷേമ വികസന ചെലവുകൾക്ക് വേണ്ടത്ര ഊന്നൽ നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പ്രളയത്തിന്റെ ആഘാതവും, കോവിഡും ഏൽപ്പിച്ച 2019-20, 2020-21 ഒഴികെയുള്ള എല്ലാ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ തനതു നികുതി-നികുതിയേതര വരുമാനത്തിൽ വലിയ വർദ്ധനവാണ് |

| | | | |
|---|---|---|---|
| | | | കൈവരിച്ചിട്ടുള്ളത്. ഇന്ത്യയുടെ ഫെഡറൽ ധനഘടനയെ തകർക്കുന്ന കേന്ദ്ര സമീപനത്തിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ദേശീയ തലസ്ഥാന നഗരിയിൽ കേരളം സംഘടിപ്പിച്ച പ്രതിഷേധം ദേശീയ ശ്രദ്ധ ആകർഷിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള നയങ്ങൾക്കെതിരെ വിവിധ സംസ്ഥാനങ്ങൾ കേരളത്തോടൊപ്പം ചേർന്ന് നിന്ന് പ്രതിഷേധിക്കാൻ ഇപ്പോൾ തയ്യാറായിട്ടുമുണ്ട്. സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ